# ജലം ഗിരിജ പി പാതേക്കരയുടെ കവിതകളിൽ: സ്ത്രീപക്ഷ വിശകലനം

അപർണ ആർ.

### ആമുഖം

പ്രകൃതിയുടെ നിലനിൽപ്പിനു അത്യന്താപേക്ഷികമായ ഘടകമാണ് ജലം. ഇതര ജീവിവർഗങ്ങളിൽ നിന്നു വ്യത്യസ്തമായി മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും ജലം പ്രവർത്തിക്കുന്നു. മനുഷ്യന്റെ ശാരീരിക, സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിലെല്ലാം ജലത്തിന്റെ സാന്നിധ്യം കാണാം. "ഇന്ത്യൻ, ആഫ്രിക്കൻ, ഗ്രീക്ക്, ചൈനീസ് തുടങ്ങിയ പുരാതന സംസ്കൃതികളുടെയെല്ലാം പ്രധാനഭാഗമായി ജലം പ്രവർത്തിച്ചു. ജലത്തെ പഞ്ചഭൂതങ്ങളിൽ ഒന്നായി ഇന്ത്യൻ സംസ്കാരവും നാല് ക്ലാസിക്കൽ ഘടകങ്ങളിൽ ഒന്നായി ഗ്രീക്ക് സംസ്കാരവും പരിഗണിക്കുന്നു."[1] (മാർട്ടീന 14) ചൈനീസ് സംസ്കാരത്തിൽ ജലം ബുദ്ധിയുടെയും ജ്ഞാനത്തിന്റെയും പ്രതീകമാണ്. ജലത്തെ ജീവന്റെ ഉറവിടവും ശുദ്ധീകരണ ഉപാധിയും പുനരുജ്ജീവനത്തിന്റെ പ്രതീകവുമായി ആഫ്രിക്കൻ സംസ്കാരം പരിഗണിക്കുന്നു. ജലാശയങ്ങളെ കേന്ദ്രമാക്കി ലോകത്തിന്റെ വിവിധ കോണുകളിൽ ഉടലെടുത്ത സംസ്കാരങ്ങളെല്ലാം മനുഷ്യനും ജലവും തമ്മിലുള്ള ബന്ധത്തെ വ്യക്തമാക്കുന്നു. ശാരീരിക ആവശ്യങ്ങൾ, തൊഴിൽ, ഗതാഗതം, ആചാര-അനുഷ്ഠാനങ്ങൾ, വ്യവസായങ്ങൾ, കൃഷി എന്നിങ്ങനെ വ്യത്യസ്തരീതികളിൽ ആധുനികകാലഘട്ടത്തിലും ജലം മനുഷ്യനുമായി ബന്ധപ്പെടുന്നു. അതുകൊണ്ടുതന്നെ മനുഷ്യജീവിതവുമായി ഏറ്റവും ചേർന്നുകിടക്കുന്ന സാഹിത്യവും ജലത്തെ വ്യത്യസ്തരീതികളിൽ അവതരിപ്പിക്കുന്നു. പൗരാണികകാലം മുതൽ സാഹിത്യത്തിൽ ജലത്തിന്റെ സാന്നിധ്യം കാണാം. ചിഹ്നങ്ങൾ, രൂപകങ്ങൾ, ബിംബങ്ങൾ, പശ്ചാത്തലം, പ്രമേയം തുടങ്ങി വിവിധ മാതൃകകളിൽ ജലം സാഹിത്യസൃഷ്ടികളിൽ കടന്നുവരുന്നു. ജലം പ്രധാനവിഷയമായി കടന്നുവരുന്ന ആധുനികാനന്തര മലയാള കവിതകളെയാണ് ഇവിടെ പഠനത്തിനു വിധേയമാക്കുന്നത്. സൗന്ദര്യാത്മകം, സംസ്കാരികം, രാഷ്ട്രീയം തുടങ്ങി വിവിധ വീക്ഷണങ്ങളിൽ ജലപരാമർശങ്ങളെ

വിശകലനംചെയ്യാം. ആധുനികാനന്തരസാഹിത്യത്തിന്റെ സവിശേഷതകളിലൊന്നായ സൂക്ഷ്മരാഷ്ട്രീയ വിശകലനമാണ് ഈ പഠനം ഉൾക്കൊള്ളുന്നത്. ആധുനികാനന്തര മലയാളകവിതയിലെ ജലസാന്നിധ്യത്തെ സ്ത്രീവാദം അടിസ്ഥാനമാക്കി വിശകലനം ചെയ്യുന്നു.

കേരളത്തിലെ പെണ്ണെഴുത്തിന്റെ ചരിത്രം സംഘകാലസാഹിത്യം വരെ നീളുന്ന ചങ്ങലയാണ്. ഇടക്കാലത്ത് വളരെയേറെ ശുഷ്കിച്ചുപോവുകയും പിന്നീട് പൂർവ്വാധികം ശക്തിയാർജിക്കുകയും ചെയ്ത ഒരൊഴുക്ക്. ജാതിവ്യവസ്ഥ സമൂഹത്തിന്റെ സകല മേഖലകളിലും പിടിമുറുക്കിയ കാലഘട്ടത്തിൽ അവർണ്ണരോടൊപ്പം സ്ത്രീകളും അരികുവൽക്കരിക്കപ്പെട്ടു. സാമൂഹികപദവി, വിദ്യാഭ്യാസം, അഭിപ്രായസ്വാതന്ത്ര്യം, സർഗാത്മകത തുടങ്ങിയ എല്ലാ വാതിലുകളും സ്ത്രീകൾക്കുമുന്നിൽ കൊട്ടിയടയ്ക്കപ്പെട്ടു. കേവലം ശരീരം മാത്രമായി സ്ത്രീ പരിഗണിക്കപ്പെട്ട പ്രസ്തുത കാലതിനുശേഷം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് സാഹിത്യത്തിൽ പ്രകടമായ സ്ത്രീസാന്നിധ്യം കടന്നുവരുന്നത്. സ്ത്രീപക്ഷരചന എന്ന പ്രബലമായ കൈവഴി രൂപപ്പെടാൻ പിന്നെയും ഒരുപാടുകാലം വേണ്ടിവന്നു. ആധുനികാനന്തര സമീപനങ്ങളുടെ കടന്നുവരവോടെ സാഹിത്യത്തിൽ അത്തരമൊരു മുന്നേറ്റം സാധ്യമായി. പാരിസ്ഥിതിക അവബോധം, ദളിത് അവബോധം തുടങ്ങിയ അരികുവൽക്കരിക്കപ്പെട്ട വിഷയങ്ങളോടൊപ്പം സ്ത്രീപക്ഷകാഴ്ചപ്പാടും സാഹിത്യത്തിന്റെ കേന്ദ്രമായി. ജാതീയതയും പുരുഷാധിപത്യവുമടക്കമുള്ള വിലങ്ങുതടികൾ ഏറിയും കുറഞ്ഞും നിലനിൽക്കെത്തന്നെ ഇന്ന് കൃത്യവും സുദൃഢവുമായ ഒരു പെൺവഴി മലയാളകവിതയ്ക്ക് സ്വന്തമാണ്.

ആധുനികാനന്തരകാലത്ത് സമൂഹത്തിന്റെ സമസ്തമേഖലകളിലും സ്ത്രീമുന്നേറ്റം സാധ്യമായി. മലയാളകവിതയിലും ഇത് ദൃശ്യമാണ്. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തത്ര എഴുത്തുകാരികൾ ഇന്നു ഈ മേഖലയെ സജീവമാക്കുന്നു. സ്ത്രീകളുടെ കടന്നുവരവോടെ കവിതയുടെ പരിപ്രേക്ഷ്യത്തിലും മാറ്റംവന്നു. വസ്തുതകളുടെ സ്ത്രീവീക്ഷണത്തിലെ അടയാളപ്പെടുത്തലുകൾക്ക് അംഗീകാരം കൈവന്നു. സമകാലിക മലയാളകവിതയിലെ ശക്തമായ സ്ത്രീസാനിധ്യമാണ് ഗിരിജ പി പാതേക്കര. സ്ത്രീ എഴുതുന്നു, സ്ത്രീയുടെ വീക്ഷണത്തിൽ ലോകത്തെ കാണുന്നു എന്നിവയ്ക്കൊപ്പം വിഷയവും സ്ത്രീയാകുന്ന കാഴ്ച ഗിരിജ പാതേക്കരയുടെ രചനാലോകത്ത് സുലഭമാണ്. ഒരേസമയം കർത്താവായും കർമ്മമായും സ്ത്രീ കടന്നുവരുന്നു. പെൺപിറവി (2012), പെൺകോന്തൻ (2020) എന്നീ സമാഹാരങ്ങൾ പേരിലടക്കം രാഷ്ട്രീയം സൂക്ഷിക്കുന്നു. 'ഒരു സംഭാഷണം' എന്ന കവിത ഗിരിജ പാതേക്കര മുന്നോട്ടുവയ്ക്കുന്ന സ്ത്രീപക്ഷരാഷ്ട്രീയത്തിന്റെ ആകെത്തുകയായിക്കാണാം. ആൺകവിതയും പെൺകവിതയും നടത്തുന്ന സംഭാഷണമാണ് സന്ദർഭം. സ്ത്രീയുടെ എഴുത്തിന്റെ വിഷയങ്ങൾ പഴകിയവയാണെന്ന് ആൺകവിത

പരിഹസിക്കുന്നു. അടുക്കള, അസ്വാതന്ത്ര്യം, പ്രണയം, പരിഭവം, പീഡനം തുടങ്ങിയ അത്തരം പഴഞ്ചൻ കുപ്പായങ്ങളിൽനിന്നു പുറത്തുവരാൻ അത് ഉപദേശിക്കുന്നു. വിപ്ലവം, വർഗീയം, രാഷ്ട്രീയം മുതലായ പൊള്ളുന്ന വിഷയങ്ങളെ ചൂണ്ടിക്കാണിക്കുന്നു. പുരുഷൻ വിശാലമായ ലോകത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ സ്ത്രീ അവളുടെ പരിസരങ്ങളിൽ ഒതുങ്ങിപ്പോവുന്നു എന്ന പതിവ് പുരുഷപരിഹാസത്തെ കവിത അടയാളപ്പെടുത്തുന്നു. ഈ പരിഹാസത്തിനു പെൺകവിത നൽകുന്ന ഉത്തരം ഇങ്ങനെയാണ്.

> പ്രിയ സുഹൃത്തെ ഒന്നുനിൽക്കു
>
> ഇതാവരുന്നു
>
> ഞാനീ പഴന്തുണികൾ
>
> ഒന്നൊന്നായഴിച്ചുമാറ്റട്ടെ
>
> അയ്യോ ഇതഴിയുന്നില്ലല്ലോ
>
> അവസാനിക്കുന്നില്ലല്ലോ

അദൃശ്യവും ദൃശ്യവുമായ പഴന്തുണികളുടെ അനേകം അടരുകളാൽ ബന്ധിതരായ ഒരു വിഭാഗത്തിന്റെ പ്രതിനിധിയാണ് എഴുത്തുകാരി. സ്വന്തം അനുഭവത്തോടുള്ള പ്രതികരണമാണ് എഴുത്തിൽ അനാവൃതമാവുന്നത്. അതിനു നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിൽ അത്രതന്നെ വീര്യവുമുണ്ട്. ജലത്തെ സ്ത്രീയുമായി ചേർത്തുവയ്ക്കുന്ന രീതി പണ്ടുമുതലേ മലയാളകവിതയ്ക്ക് സ്വന്തമാണ്. കടൽ, പുഴ, കിണർ തുടങ്ങി ജലത്തിന്റെ വിവിധരൂപങ്ങൾ ഇത്തരം ചേർത്തുവയ്ക്കലിനു വിധേയമായിരിക്കുന്നു. 'കടലമ്മ' എന്ന സുപരിചിത പ്രയോഗം ഉദാഹരണം. കുറ്റിപ്പുറംപാലം (ഇടശ്ശേരി), രാത്രിമഴ(സുഗതകുമാരി), പട്ടാമ്പിപ്പുഴമണലിൽ (പി പി രാമചന്ദ്രൻ) മുതലായവയെല്ലാം ജലരൂപങ്ങളെ സ്ത്രീയുമായി ചെർത്തുവച്ച രചനകൾക്ക് ഉദാഹരണമാണ്. ഈ രീതി കാലാതീതമായി തുടരുന്നു എന്ന് ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ ഈ പതിവിനു നേർവിപരീതമായി ജലത്തെ സ്ത്രീയായി അവതരിപ്പിക്കുന്നതിനുപകരം സ്ത്രീയെ ജലമായി അവതരിപ്പിക്കുന്ന രീതി ഗിരിജ പാതേക്കരയുടെ രചനകളിൽക്കാണാം. ആധുനികാനന്തരകവിത സ്ത്രീയെയും ജലത്തെയും എങ്ങനെ ചേർത്തുവായിക്കുന്നു എന്ന് ഗിരിജ പാതേക്കരയുടെ തെരഞ്ഞെടുത്ത കവിതകളെ മുന്നിർത്തി അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ. പ്രബന്ധത്തെ രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാംഭാഗത്ത് വ്യത്യസ്ത ജലരൂപങ്ങൾ സ്ത്രീജീവിതത്തെ പ്രതിനിധാനംചെയ്യുന്നത് എങ്ങനെയെന്ന് അന്വേഷിക്കുന്നു.

## സ്ത്രീ പ്രതിനിധാനം ജലരൂപങ്ങളിൽ

ജലവും മനുഷ്യനും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. ജീവൽപ്രവർത്തനങ്ങൾ മുതൽ അതാരംഭിക്കുന്നു. നാൽപ്പത്തിനാലു നദികളും നീളമേറിയ കടൽത്തീരവും മറ്റനേകം ജലാശയങ്ങളും നിറഞ്ഞ കേരളത്തെ സംബന്ധിച്ച് ജലം ഒരുപോലെ ജീവന്റെയും ജീവിതത്തിന്റെയും ഭാഗമാണ്. ഒരു സാമൂഹിക ഉല്പന്നം എന്ന നിലയിൽ മലയാളസാഹിത്യവും എല്ലാകാലത്തും ജലത്തെ പലമട്ടിൽ അവതരിപ്പിച്ചു. ഗിരിജ പി പാതേക്കരയുടെ രചനകളിലെ ജലസാന്നിദ്ധ്യം ഒരുപോലെ ആഴവും പരപ്പുമേറിയതാണ്. പുഴ, കടൽ, മഴ, പൈപ്പുവെള്ളം ഉടങ്ങി വ്യത്യസ്തമായ ജലരൂപങ്ങൾ കവിതകളിൽ കടന്നുവരുന്നു. അവയിലൂടെ അനാവൃതമാവുന്നത് സ്ത്രീജീവിതത്തിന്റെ പലതരം അടയാളപ്പെടുത്തലുകളാണ്.

സ്ത്രീ/കുടുംബം എന്ന ദ്വന്ദ്വം ഗിരിജ പാതേക്കരയുടെ കവിതകളിലെ സജീവസാന്നിധ്യമാണ്. കുടുംബവ്യവസ്ഥയിൽ തടവിലാക്കപ്പെടുന്ന സ്ത്രീകൾ കവിതകളിൽ പലമട്ടിൽ കടന്നുവരുന്നു. എന്നാൽ സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ പ്രത്യക്ഷമായ അവതരണം ഇവിടെയില്ല. അതുകൊണ്ടുതന്നെ കവിത മുദ്രാവക്യത്തിന്റെയോ പോർവിളിയുടെയോ സ്വരൂപമാർജിക്കുന്നില്ല. രാഷ്ട്രീയത്തെ കവിത ഉള്ളിലാവാഹിക്കുന്നു. അടരുകൾനീക്കി ഉള്ളിലേക്ക് കടന്നുചെല്ലാനുള്ള സൂചനകൾ സൂക്ഷിക്കുന്നു. ജലത്തിലൂടെയും ജലപരിസരങ്ങളിലൂടെയും നടത്തുന്ന സ്ത്രീ ജീവിതാവിഷ്കാരങ്ങളാണ് *വീണ്ടുവിചാരം, ഒരു മീനിന്റെ ആത്മഗതം, കൊണ്ടാട്ടം* മുതലായ കവിതകൾ.

'വീണ്ടുവിചാരം' എന്ന കവിത പ്രത്യക്ഷത്തിൽ ഒരു പുഴയുടെ ജീവിതമാണ് അവതരിപ്പിക്കുന്നത്. ഉത്ഭവസ്ഥാനത്തുനിന്നും തിടുക്കപ്പെട്ട് കടലിലേക്ക് കുതിക്കുന്ന പുഴ. ആഖ്യാതാവ് മാറിനിന്ന് കാഴ്ചകാണുന്നു. തിടുക്കത്തിലുള്ള ഈ കുതിപ്പ് കേവലം പുഴയുടെ മാത്രം യാത്രയല്ല. ഇതൊരു പെൺ യാത്രയാണ്. ജനിച്ചവീടും പരിചിതമായ അന്തരീക്ഷവും ഉപേക്ഷിച്ച് ഒരു പുരുഷനിലേക്ക് സ്ത്രീ നടത്തുന്നയാത്ര. പുഴ സ്ത്രീയെയും കടൽ പുരുഷനേയും സൂചിപ്പിക്കുന്നു. കടലിൽ എത്തിച്ചേർന്നു നുരഞ്ഞുപോങ്ങി ഒന്നാവാനുള്ള ആഗ്രഹമാണ് പുഴയെ നയിക്കുന്നത്. പുരുഷനുമൊന്നിച്ചുള്ള കൂട്ടുജീവിതത്തിന്റെയോ കുടുംബത്തിന്റെയോ ഭ്രമാത്മകമായ സങ്കൽപങ്ങളാണിത്. അത്തരമൊരു ആദർശ കുടുംബജീവിതത്തിൽ എത്തിച്ചേരുകയാണ് സ്ത്രീജീവിതത്തിന്റെ ലക്ഷ്യം എന്നതാണ് പരമ്പരാഗത സങ്കല്പം . ഈ സങ്കല്പം തന്നെയാകണം ഇത്തരമൊരു യാത്രയ്ക്ക് അവളെയും ഒരുക്കിയത്.

സൌന്ദര്യങ്ങളെ ഉപേക്ഷിച്ച് സാധ്യതകളെ തട്ടിക്കളഞ്ഞ് സ്ത്രീ നടത്തുന്ന ഈ കുതിപ്പ് ആഖ്യാതാവിനെ പരിഭ്രമിപ്പിക്കുന്നു.

"പ്രിയപ്പെട്ടയിടങ്ങളിൽനിന്നു

ഇത്ര തിടുക്കത്തിൽ

ഓടിപ്പോരേണ്ടിയിരുന്നില്ലെന്നു

പുഴ വിലപിക്കുമായിരിക്കാം" എന്ന ആഖ്യാതാവിന്റെ ചിന്തയിൽ കവിത അവസാനിക്കുന്നു. കടലിലെത്തിച്ചേർന്നാൽ മാത്രമേ വിട്ടുകളഞ്ഞ ദൂരങ്ങളുടെ സാധ്യതകൾ പുഴയ്ക്ക് തിരിച്ചറിയാനാവു. കടലുമായി ഒന്നാവുക എന്നാൽ പുഴ ഇല്ലാതാവുക എന്നുകൂടിയാണ് അർത്ഥം. പുഴയ്ക്ക് അപരിചിതമായ ഇരുട്ടും കൊടുങ്കാറ്റും ഉപ്പുമണവും മാത്രമാണ് കടലിൽ അവശേഷിക്കുക. ഇവയെല്ലാംതന്നെ കടലിന്റെ പ്രതീകങ്ങളാണ്. പുഴയുടേതായി യാതൊന്നും അവശേഷിക്കില്ല. പക്ഷെ ഈ അറിവ് പുഴയ്ക്ക് കൈവരണമെങ്കിൽ അത് കടലിലെത്തിച്ചേരണം. കുടുംബം എന്ന വ്യവസ്ഥയുടെ അവസ്ഥയും സമാനമാണ്. പുറംകാഴ്ചകളിൽ അതൊരുക്കുന്ന സൌന്ദര്യം പലപ്പോഴും അകത്തളങ്ങളിൽ നഷ്ടമാകുന്നു. പുരുഷകേന്ദ്രിതമായ കുടുംബവ്യവസ്ഥയുടെ ഭാഗമായി മാറുമ്പോൾ മാത്രമാണ് സ്ത്രീ അത് തിരിച്ചറിയുന്നത്. സ്വയം ആരാണെന്ന തിരിച്ചറിവ് വൈകാതെ പുഴയ്ക്ക് കൈവരുമെന്ന് ആഖ്യാതാവ് പ്രതീക്ഷിക്കുന്നു. സ്വത്വബോധം സ്ത്രീയെ ഒരു വീണ്ടുവിചാരത്തിന് പ്രാപ്തയാക്കും എന്ന പ്രതീക്ഷയിലാണ് കവിത അവസാനിക്കുന്നത്. കേരളീയസമൂഹത്തെ സംബന്ധിച്ച് ഈ യാത്രയ്ക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. നാളെ സമൂഹത്തിനു ഉണ്ടാകാനിടയുള്ള ഒരു വീണ്ടുവിചാരത്തെക്കുറിച്ചുള്ള സ്വപ്നമാണ് കവിത മുന്നോട്ടുവയ്ക്കുന്നത്.

'ഒരു മീനിന്റെ ആത്മഗതം' കുടുംബവ്യവസ്ഥയെ മറ്റൊരു തലത്തിൽ നോക്കിക്കാണുന്നു. മഴവെള്ള സംഭരണിയിൽ ജീവിച്ച മത്സ്യമാണ് ഇവിടെ പ്രധാന കഥാപാത്രം. കടലിൽ എത്തിച്ചേരുക എന്നതായിരുന്നു മത്സ്യത്തിന്റെ സ്വപ്നം. എന്നാൽ അതെത്തിച്ചേർന്നത് സ്വീകരണമുറിയിലെ അക്വേറിയത്തിലാണ്. വിശാലമായ ലോകത്തെ സ്വപ്നംകാണുകയും ഇടുങ്ങിയ ഗാർഹിക അന്തരീക്ഷത്തിൽ കുടുങ്ങിക്കിടക്കുകയും ചെയ്യേണ്ടിവരുന്ന സ്ത്രീജീവിതങ്ങളുടെ പ്രതിനിധിയാണ് ഇവിടെ മത്സ്യം. കവിതയിലെ ചില്ലുഭരണി കുടുംബജീവിതത്തെ സൂചിപ്പിക്കുന്നു. പുറംകാഴ്ചകളിൽ അത് സുന്ദരമാണ്. സ്ത്രീ അതിൽ സന്തുഷ്ടയും. എന്നാൽ അകത്തെ അവസ്ഥ തികച്ചും വ്യത്യസ്തമാണ്. കടൽ ഒരുക്കുന്ന അനന്തമായ സാദ്ധ്യതകൾ സ്വപ്നംകണ്ട ഒരാളാണ് ചില്ലുഭരണിയിൽ അടയ്ക്കപ്പെട്ടിരിക്കുന്നതെന്ന് കാഴ്ച്ചക്കാർക്കറിയില്ല. ആഴവും ഇരുട്ടും തിരക്കൈകളിലെ

ഊഞ്ഞാലാട്ടവുമായിരുന്ന മത്സ്യം സ്വപ്നംകണ്ടത്. സ്വന്തമായതാകട്ടെ അണയാത്ത വെളിച്ചവും പ്ലാസ്റ്റിക് പവിഴപ്പുറ്റിന്റെ ഉരസലുമാണ്. പ്രതീക്ഷകളിൽനിന്നും സ്വപ്നങ്ങളിൽനിന്നും അകറ്റിനിർത്തുന്ന ചില്ലുഭരണി ഒരു കെണിയായിരുന്നുവെന്ന വൈകിയാണെങ്കിലും മീൻകുഞ്ഞിനു ബോധ്യപ്പെടുന്നു. കുടുംബത്തിന്റെ അതിരുകൾക്കിടയിൽ തളയ്ക്കപ്പെട്ട സ്ത്രീയുടെ തിരിച്ചറിവുതന്നെയാണിത്. വിശാലമായ ലോകം അവളെ ഭ്രമിപ്പിക്കുന്നു. പക്ഷെ ചില്ലുകൂട്ടിൽ ബന്ധിതയായ മത്സ്യത്തിനു മുന്നിൽ വഴികളില്ല. പുറത്തുകടക്കാൻ വഴികളില്ലാത്തവിധം അടഞ്ഞ വ്യവസ്ഥയാണ് കുടുംബം. സമുദ്രത്തിലേക്കുള്ള എളുപ്പവഴിയാണെന്ന ധാരണയാണ് തന്റെ നേരെ നീണ്ടുവന്ന കൈക്കുമ്പിളിലേക്ക് മത്സ്യത്തെ നയിച്ചത്. 'വീണ്ടുവിചാര'ത്തിലെതിനു സമാനമായ ഒരു തെറ്റിധാരണ. അവനവനാരാണെന്ന ബോധ്യം വരുംമുമ്പേ കുടുംബവ്യവസ്ഥയിൽ ബന്ധിതരായ സ്ത്രീജീവിതങ്ങളുടെ പ്രതിനിധാനമാണ് ഈ രണ്ട് കവിതകളും. സമരോത്സുകമായ ഒരു പ്രതിരോധത്തിന്റെ ചിത്രീകരണം ഇവിടെയില്ല.

മുമ്പ് സൂചിപ്പിച്ച കവിതകളിൽനിന്നു വ്യത്യസ്തമായി പ്രതിരോധ സജ്ജയായ സ്ത്രീയെ 'കൊണ്ടാട്ടം' എന്ന കവിതയിൽ കാണുന്നു. ജലത്തിന്റെ അഭാവംകൊണ്ട് ശ്രദ്ധേയമാകുന്ന ഇക്കവിത സ്ത്രീജീവിതത്തിന്റെ മറ്റൊരുതലം ഉൾക്കൊള്ളുന്നു. പച്ചക്കറിയിൽനിന്നു കൊണ്ടാട്ടത്തിലേക്കുള്ള യാത്ര എളുപ്പമുള്ളതല്ല. പച്ചക്കറിയായി ജനിച്ച് അനുഭവങ്ങളുടെ വെയിലിലുണങ്ങി കൊണ്ടാട്ടമായി പരിണമിക്കുന്നത് ഒരു സ്ത്രീയാണ്. ജനിച്ച ഇടത്തുനിന്നുമുള്ള ഇറങ്ങിപ്പോക്ക് മുൻകവിതകളിലെപ്പോലെ ഇവിടെയുമുണ്ട്. എന്നാൽ ഇവിടെ നടക്കുന്നത് സ്വന്തം ഇഷ്ടപ്രകാരമുള്ള ഒരിറക്കമല്ല. വയലുവിട്ടു പച്ചക്കറിക്ക് ഇറങ്ങിപ്പോകേണ്ടിവരുന്നു. ജന്മവീടുവിട്ട് ഇറങ്ങാൻ നിർബന്ധിതയാകുന്ന സ്ത്രീ തന്നെയാണിത്. അവൾക്കുമുന്നിലുള്ള വഴികൾ എളുപ്പമുള്ളവയല്ല. എത്തിച്ചേർന്ന ഇടം അവൾ സ്വപ്നംകണ്ടപോലെ ഒരിടവുമല്ല. കൊത്തിനുറുക്കി, വേവിച്ചൂറ്റി, വെയിലിലുണക്കി ജീവിതം അവളെ പരുവപ്പെടുത്തുന്നു. പച്ചക്കറിയിൽനിന്നു കൊണ്ടാട്ടത്തിലേക്കുള്ള യാത്രയിൽ അതിനു നഷ്ടപ്പെടുന്നത് ഉള്ളിലെ ജലാംശമാണ്. ആ ജലാംശത്തിന്റെ അഭാവമാണ് അതിനെ കൊണ്ടാട്ടമാക്കുന്നത്. ജീവിതസംഘർഷങ്ങളിൽ സ്ത്രീക്ക് നഷ്ടമാകുന്നത് അവളിലെ ആർദ്രതയാണ്. എന്നാൽ ആ അഭാവം അവളെ പൊരുതാൻ പ്രാപ്തയാക്കുന്നു. മുൻകവിതകൾ സ്വത്വബോധത്തിന്റെ വെളിപ്പെടലിലാണ് അവസാനിച്ചത്. ഇവിടെ സ്വത്വബോധം കൈവന്ന സ്ത്രീ എഴുന്നേറ്റ് നിൽക്കുന്നു.

"തിളയ്ക്കുന്ന എണ്ണയിലേക്ക്

എന്നെയൊന്നെറിഞ്ഞുനോക്കു

അപ്പോൾക്കാണം

ആത്മവീര്യത്തോടെ

തലയുയർത്തി

ഞാൻ പൊങ്ങിപ്പൊങ്ങി വരുന്നത്

കടിച്ചാൽ പൊട്ടാത്തവണ്ണം

മൊരിയുന്നത്" എന്ന ഉറച്ച പ്രസ്താവന അനുഭവങ്ങളെ മുഴുവൻ ആത്മവീര്യമാക്കി പരിവർത്തനം ചെയ്ത ഒരു സ്ത്രീയുടെതാണ്.

സ്ത്രീയുടെ മൂന്നുതരം ജീവിത യാത്രകളാണ് കവിതകളിലൂടെ അനാവൃതമാവുന്നത്. ഒന്നാം യാത്രയിൽ സങ്കല്പലോകത്തുനിന്നു ഉണർന്നിട്ടില്ലാത്ത സ്ത്രീയെ കാണാം. രണ്ടാം യാത്രയിൽ സ്ത്രീക്ക് സ്വത്വബോധം കൈവന്നിരിക്കുന്നു. മൂന്നാം യാത്രയിൽ അനുഭവങ്ങളിലൂടെ കരുത്തയായ സ്ത്രീയുടെ പ്രതിരോധവും ചെറുത്തുനിൽപ്പും കാണാം.

## സ്ത്രീ /ജലം അകത്തും പുറത്തും

ഒരേസമയം ഗാർഹിക ഇടങ്ങളിലും ബാഹ്യ ഇടങ്ങളിലുമായി ഇരട്ടജീവിതം നയിക്കുന്നവരാണ് സ്ത്രീകൾ. ഈ ഇരട്ടജീവിതം സ്ത്രീജീവിതത്തെ സംഘർഷാത്മകമാക്കുന്നു. "വീടിനുള്ളിൽ കുടുങ്ങിയവരല്ല പുതു പെൺകവിതയിലെ സ്ത്രീകൾ. പക്ഷെ പുറത്തേക്ക് പോകുമ്പോഴെല്ലാം നേർത്തൊരു നൂലായി കണങ്കാലിൽ വീടിഴയുന്നൊരു പരിമിതി അവർക്കുണ്ട്."[2] (ജിസ ജോസ് 137) അതുകൊണ്ടുതന്നെ സ്ത്രീപക്ഷരചനകളിലെ ഗാർഹിക ഇടങ്ങളുടെ സാന്നിധ്യം വലുതാണ്. വിശാലമായ ലോകത്തിന്റെ പ്രതിനിധിയും ഇടുങ്ങിയ ഗാർഹിക ഇടങ്ങളുടെ പ്രതിനിധിയും ഒരാളിൽത്തന്നെ നിലനിൽക്കുന്നു. ഈ ഇരട്ട വ്യക്തിത്വം ഓരോ എഴുത്തുകാരിക്കകത്തും സംഘർഷം സൃഷ്ടിക്കുന്നു. ജലത്തിനും സമാനമായ ഇരട്ടജീവിതം കാണാം. കുളി, അലക്ക്, കിണർ, പൈപ്പുവെള്ളം മുതലായവ ജലത്തിന്റെ ഗാർഹികരൂപം സൂചിപ്പിക്കുന്നു. പുഴ, കടൽ, മഴ, തടാകം തുടങ്ങിയവ ബാഹ്യരൂപവും. ഗാർഹിക/ബാഹ്യ ഇടങ്ങളിലെ സ്ത്രീയുടെയും ജലത്തിന്റെയും ജീവിതത്തെ ചേർത്തുവായിക്കുകയാണ് ഈ അദ്ധ്യായത്തിൽ.

'ഇച്ഛാമതി'യിൽ ഇത്തരം ഒരു ദ്വന്ദ്വദർശനം സാധ്യമാണ്. കുളിമുറിയിലെ പൈപ്പുവെള്ളം/ ഇച്ഛാമതി ,അമ്മ/കുട്ടുകാരി എന്ന രൂപത്തിൽ അത് പ്രവർത്തിക്കുന്നു. കുളിമുറിയിലെ പൈപ്പുവെള്ളം സ്വാതന്ത്ര്യത്തെ സ്വപ്നംകാണുന്നു. കണ്ണുതെറ്റുന്ന നേരത്ത് അത് ബക്കറ്റുകവിഞ്ഞ് ഒഴുകിപ്പരക്കുന്നു.

പക്ഷെ കുളിമുറിക്ക് പുറത്തേക്ക് കടക്കാൻ അതിനു കഴിയുന്നില്ല. സ്വാതന്ത്ര്യം അവിടെ സ്വപ്നം മാത്രമായി അവശേഷിക്കുന്നു. സമാനമായ അവസ്ഥ പങ്കുവയ്ക്കുന്ന കഥാപാത്രമാണ് അമ്മ. വിശാലമായ ലോകത്തെ അമ്മ സ്വപ്നംകാണുന്നു. പക്ഷെ വീടിനുപുറത്തുകടക്കാൻ അവർക്ക് കഴിയുന്നില്ല. ബാഹ്യലോകത്തെ ജലത്തിന്റെയും സ്ത്രീയുടെയും അവസ്ഥ വ്യത്യസ്തമാണ്. ഇച്ഛാമതി എന്ന നദി ബാഹ്യജല പ്രതീകമാണ്. സ്വാതന്ത്ര്യം നദിക്ക് സ്വപ്നമല്ല. അത് ദേശങ്ങളിലൂടെ സഞ്ചരിക്കുന്നു. ഇച്ഛാമതി എന്ന നദി ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിലൂടെയാണ് ഒഴുകുന്നത്. രാജ്യാതിർത്തിപോലും നദിയുടെ ഒഴുക്കിനെ തടയുന്നില്ല. വീടിനു പുറത്തെ സ്ത്രീയും ഇച്ഛാമതിയാണ്. അവൾ ഇച്ഛാനുസരണം സ്വാതന്ത്ര്യം അനുഭവിക്കുന്നു. ഗാർഹികാന്തരീക്ഷത്തിനകത്ത് സ്വാതന്ത്ര്യം സ്വപ്നമായി അവശേഷിക്കുമ്പോൾ പുറംലോകത്ത് അത് അനുഭവമാകുന്ന കാഴ്ച കവിതയിൽ വ്യക്തമാണ്.

'അവൾ' എന്ന കവിത അകം/പുറം ദ്വന്ദ്വത്തിന്റെ മറ്റൊരു തരം അവതരണം ഉൾക്കൊള്ളുന്നു. ഗാർഹികവൃത്തികളിൽ മാത്രം അസ്തിത്വം കണ്ടെത്തിയ ഒരു വീട്ടമ്മയാണ് ഇവിടെ കഥാപാത്രം. അലക്ക് പാചകം, തറതുടയ്ക്കൽ തുടങ്ങിയവയൊക്കെയാണ് വീട്ടുജോലികൾ. പരാമർശിക്കപ്പെട്ട പ്രവൃത്തികളെല്ലാം ജലത്തിന്റെ സാന്നിധ്യത്തിൽ നടക്കുന്നവയാണ്. സാങ്കേതികവിദ്യയുടെ വളർച്ച മനുഷ്യജീവിതത്തെ എളുപ്പമാക്കുന്നതാണ്. എന്നാൽ സാങ്കേതികവിദ്യയുടെ കടന്നുകയറ്റം കവിതയിലെ സ്ത്രീയുടെ ജീവിതം തകിടംമറിക്കുന്നു. അലക്ക് വാഷിംഗ് മെഷീനും വൃത്തിയാക്കൽ വാക്വം ക്ലീനറും പാചകം നക്ഷത്ര ഹോട്ടലും ഏറ്റെടുത്തതോടെ സ്ത്രീയും ജലവും വീട്ടിനു പുറത്താവുന്നു. എന്നാൽ ബാഹ്യലോകത്ത് സ്ത്രീയും ജലവും മറ്റൊരു ജീവിതം സ്വന്തമാക്കുന്നു. ജലം മഴയായി പെയ്യുകയും സ്ത്രീ അതിൽ മുളച്ചുപൊന്തുകയും ചെയ്യുന്നു. ബാഹ്യലോകത്ത് സ്ത്രീക്കും ജലത്തിനും മറ്റൊരസ്തിത്വം ലഭിക്കുന്ന കാഴ്ച വ്യക്തമായിക്കാണാം.

***കുറിപ്പുകൾ***

1) Marteena, J. The Role of Water in Literature: A Thematic Study of Select Works in Indian and Other Literature, Department of English and Foreign Languages Faculty of Science and Technology, Kottankulathur, 2019, p. 14.

2) ജിസ ജോസ്,ഡോ. സ്ത്രീവാദ സൗന്ദര്യശാസ്ത്രം പ്രയോഗവും പ്രതിനിധാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, p.137.

*ഗ്രന്ഥസൂചി*


1) ഗംഗാധരൻ ,എം. 2004. സ്ത്രീയവസ്ഥ കേരളത്തിൽ ,തിരുവനന്തപുരം: സൈൻ ബുക്ക്സ്
2) ജിസ ജോസ്,ഡോ. 2020. സ്ത്രീവാദ സൗന്ദര്യശാസ്ത്രം പ്രയോഗവും പ്രതിനിധാനവും, തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
3) നാരായണൻ കല്പറ്റ. 2016. കവിതയുടെ ജീവചരിത്രം , കോഴിക്കോട്: മാതൃഭൂമി ബുക്ക്സ്
4) പോക്കർ, പി, കെ. 2014. ആധുനികോത്തരതയുടെ കേരളീയ പരിസരം, കോഴിക്കോട്: ലീഡ് ബുക്ക്സ്
5) പ്രഭാകരൻ, എൻ. 2005. മൗനത്തിന്റെ മുഴക്കങ്ങൾ, കണ്ണൂർ: കൈരളിബുക്ക്സ്
6) പ്രസന്നരാജൻ. 2011. ഉത്തരാധുനിക ചർച്ചകൾ, തിരുവനന്തപുരം: നാഷണൽ ബുക്ക്സ്റ്റാൾ
7) പ്രസാദ്, സി, ആർ.2005. മലയാളകവിത ആധുനികാനന്തരം, കാക്കനാട്: റെയ്ൻബോ ബുക്ക്സ്
8) ലീലാവതി, എം, ഡോ. 2015. മലയാള കവിതാ സാഹിത്യചരിത്രം, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി
9) ലീലാവതി, എം, ഡോ. 2000. ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം, കോഴിക്കോട്: ഹരിതം ബുക്ക്സ്
10) ശ്രീകല, പി, എസ്. 2020. ഫെമിനിസത്തിന്റെ കേരളചരിത്രം, കോഴിക്കോട്: മാതൃഭൂമി ബുക്ക്സ്
11) സച്ചിദാനന്ദൻ .2014. മലയാള കവിതാ പഠനങ്ങൾ, കോഴിക്കോട്: മാതൃഭൂമിബുക്ക്സ്
12) മിനി മോൾ, ടി. 2016. സമകാലിക മലയാളകവിതയിലെ ആധുനികാനന്തര പ്രവണതകൾ, പി എച്ച്ഡി പ്രബന്ധം, കോഴിക്കോട് സർവകലാശാല

13) സജിത കിഴിനിപ്പുറത്ത്. 2012. ആധുനികാനന്തര മലയാളകവിതയിലെ ജലരൂപകങ്ങൾ, പ്ലാവില മാസിക

14) ജലം കലയിലെ നീരഴക് , കേളി ,കേരള സംഗീത നാടക അക്കാദമി

15) Beauvoir Simone de. 1989. The Second Sex, New York: Vintage Books

16) Judith Butler. 1999. Gender Trouble: Feminism and the Subversion of Identity, London: Routledge

17) Marteena, J. 2019. The Role of Water in Literature: A Thematic Study of Select Works in Indian and Other Literature, Department of English and Foreign Languages Faculty of Science and Technology Kottankulathur